# തൃശൂരിലെ അമേരിക്കൻ ഇഫ്ത്വാർ

■ *"മുജാഹിദുകൾ എന്നും ലോക മുസ്‌ലിംകൾക്കൊപ്പവും മർദിത പീഡിത സമൂഹത്തോടൊപ്പവുമാണ്. അമേരിക്കൻ താൽപര്യങ്ങൾക്കെതിരെ ശക്തമായി നിലകൊണ്ടവരാണ് മുജാഹിദ് പ്രസ്ഥാനം. തീവ്രവാദവും മതരാഷ്ട്രവാദവും ഉയർത്തിപ്പിടിക്കുന്ന ചിലർക്ക് അമേരിക്ക എന്ന് കേൾക്കുമ്പോൾ കലി കയറുക സ്വാഭാവികമാണ്. നിരവധി ഗൾഫ് രാജ്യങ്ങൾ അമേരിക്കൻ പക്ഷപാത നിലപാട് സ്വീകരിച്ചിട്ടുണ്ട്. അവരെ എതിർക്കാതിരിക്കുകയും ഗൾഫ് പണം സ്വീകരിക്കുകയും ചെയ്യുന്നവർ തരിക്കഞ്ഞിയോട് മാത്രം എതിർപ്പ് പ്രകടിപ്പിച്ചത് തങ്ങളുടെ അൽപത്തം വ്യക്തമാക്കുന്നതാണെന്നും നേതാക്കൾ കുറ്റപ്പെടുത്തി. എതിർപ്പുള്ളവരുമായി വേദി പങ്കിടാനും അവരോടുള്ള സമീപനം അത്തരം വേദികളിൽ പ്രകടിപ്പിക്കാനും അവസരം ലഭിച്ചാൽ അത് നഷ്ടപ്പെടുത്തേണ്ടവരല്ല പ്രബോധകർ. തങ്ങൾക്ക് ഇഷ്ടപ്പെടാത്തവരെ എല്ലാനിലക്കും അപമാനിക്കുക ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരുടെ മുതലാളിത്തവിരുദ്ധതയും ഇടതുപക്ഷ പ്രേമവും ജനങ്ങൾ തിരിച്ചറിയണമെന്നും ഇരുവരും ആവശ്യപ്പെട്ടു" ('അമേരിക്കൻ ഇഫ്ത്വാർ: ആരോപണം ദുഷ്ടലാക്കോടെ- നദ്‌വത്തുൽ മുജാഹിദീൻ' എന്ന തലക്കെട്ടിൽ നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന പ്രസിഡന്റ് ഡോ. ഇ.കെ അഹ്മദ് കുട്ടിയും ജനറൽ സെക്രട്ടറി സി.പി ഉമർ സുല്ലമിയും തൃശൂരിൽ നടന്ന അമേരിക്കൻ ഇഫ്ത്വാറിനെ കുറിച്ച്. മാധ്യമം 2009 സെപ്റ്റംബർ 18, മലപ്പുറം). മുജീബിന്റെ പ്രതികരണം?*

***നസ്വീർ പള്ളിക്കൽ***

**അ**മേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ മുസ്‌ലിം പ്രീണന പരിപാടിയുടെ ഭാഗമായി തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട ഇഫ്ത്വാറിൽ ഇതര മുസ്‌ലിം സംഘടനകളുടെ പ്രതിനിധികളാരും ക്ഷണിക്കപ്പെടാതെ നദ്‌വത്തുൽ മുജാഹിദീൻ നേതാക്കൾ മാത്രം ക്ഷണിതാക്കളായതും അവർ പങ്കെടുത്തതും വിവാദമായപ്പോൾ നദ്‌വത്ത് നേതാക്കൾ ഇറക്കിയ പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് ചോദ്യം. അമേരിക്ക ആത്മാർഥമായി ത്തന്നെ മുസ്‌ലിം ജനസമ്പർക്കമാണ് ഇതിലൂടെ ലക്ഷ്യമിട്ടതെങ്കിൽ എന്തുകൊണ്ട് കേരളത്തിലെ മുസ്‌ലിം സംഘടനകളിൽ ഏറ്റവും പ്രബലങ്ങളായ മുസ്‌ലിം ലീഗ്, സമസ്ത ഗ്രൂപ്പുകൾ, കെ.എൻ.എം തുടങ്ങിയവയിൽനിന്നാരും ക്ഷണിക്കപ്പെട്ടില്ല എന്ന ചോദ്യത്തിന് ഇതുവരെ ഉത്തരം ലഭിച്ചിട്ടില്ല. ഡോ. ഹുസൈൻ മടവൂർ നേതൃത്വം നൽകുന്ന നദ്‌വത്ത് മാത്രം ക്ഷണിക്കപ്പെട്ടതിൽ അതിനാൽ ദുരൂഹതയുണ്ട്. അവർ ക്ഷണം സ്വീകരിച്ചത് സദുദ്ദേശ്യപരമാവാം, പ്രബോധനം ലക്ഷ്യം വെച്ചുമാവാം. പക്ഷേ, അഫ്ഗാനിസ്താനിലും ഇറാഖിലും മറ്റു പലേടത്തും മുസ്‌ലിംവേട്ട ഭീകരമായിത്തന്നെ അമേരിക്ക തുടരുകയും മൊത്തം മുസ്‌ലിംലോകത്ത് തങ്ങളുടെ പ്രതിഛായ അങ്ങേയറ്റം തകർന്നതായി ഒബാമ ഭരണകൂടത്തിന് ബോധ്യമാവുകയും ചെയ്ത ഒരു സന്ദർഭത്തിൽ, ക്ഷണം മാന്യമായി നിരാകരിച്ചുകൊണ്ട് ഒരു പ്രതിഷേധത്തിന് എന്തുകൊണ്ട് നദ്‌വത്ത് മുതിർന്നില്ല എന്ന ചോദ്യം അപ്പോഴും ബാക്കിനിൽക്കുന്നു. പിന്നീട് നൽകിയ വിശദീകരണങ്ങളാവട്ടെ സയ്യിദ് മൗദൂദി മുതൽ സയ്യിദ് മുഹമ്മദലി ശിഹാബ് വരെയുള്ളവർ അമേരിക്കയിൽ ചികിത്സ തേടിയതിനെ സ്വന്തം നടപടിക്ക് ന്യായമായി നദ്‌വത്ത് നേതാക്കൾ ചൂണ്ടിക്കാട്ടുമ്പോൾ അവരുടെ നിലപാട് കൂടുതൽ ദുർബലമാവുകയും ചെയ്യുന്നു. വിദ്യയും ചികിത്സയും തൊഴിലുമൊക്കെ തേടി പോവുന്നതും, പ്രതിക്കൂട്ടിലായ ഒരു ഭരണകൂടം രാഷ്ട്രീയ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കുന്ന ഹിഡൻ അജണ്ടയുള്ള പരിപാടികളിൽ പങ്കെടുക്കുന്നതും ഒരിക്കലും തുല്യമല്ല. ഗൾഫ് രാജ്യങ്ങൾ നിസ്സഹായരായോ അല്ലാതെയോ അമേരിക്കയെ പിന്താങ്ങുന്നതുകൊണ്ട് ആ രാജ്യങ്ങളിൽ പോയി ആരും ജോലി ചെയ്തുകൂടെന്നോ അവിടെനിന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസപരമായ സേവനങ്ങൾക്കും സുതാര്യമായി ലഭിക്കുന്ന സഹായം സ്വീകരിച്ചുകൂടെന്നോ ആരും പറഞ്ഞിട്ടില്ല. പറയേണ്ട കാര്യവുമില്ല. അങ്ങനെയാണെ

ങ്കിൽ ഇന്ത്യൻ സർക്കാറും അമേരിക്കൻ പക്ഷത്തായതുകൊണ്ട് ഈ സർക്കാറിന്റെ ഒരു സഹായവും സ്വീകരിക്കാൻ പാടില്ലെന്ന് വരില്ലേ?

സാമ്രാജ്യത്വവിരുദ്ധ ബോധവത്കരണ പരിപാടികൾ ശക്തമായി തുടരേണ്ട നിലവിലെ സാഹചര്യങ്ങളിൽ സംശയകരമായ പരിപാടികളിൽനിന്ന് വിട്ടുനിൽക്കുന്നതാണ് മുസ്‌ലിം സംഘടനകൾക്കും പണ്ഡിതന്മാർക്കും അഭികാമ്യം. 'നിന്നെ സംശയിപ്പിക്കുന്നത് വിട്ട് സംശയരഹിതമായത് സ്വീകരിക്കുക' എന്നത് പ്രവാചകന്റെ തന്നെ ഉപദേശമാണല്ലോ.

## ഇഫ്ത്വാർ കാര്യത്തിലെ സി.പി.എം നിലപാട്

■ *"അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ താൽപര്യാർഥം കഴിഞ്ഞ ദിവസം തൃശൂരിൽ സംഘടിപ്പിച്ച ഇഫ്ത്വാർ വിരുന്ന് മാരീചന്റെ മാൻവേഷം കെട്ടലാണെന്ന് സി.പി.എം തൃശൂർ ജില്ലാ സെക്രട്ടറി ബേബി ജോൺ പത്രസമ്മേളനത്തിൽ കുറ്റപ്പെടുത്തി. ഇന്ത്യയുടെ സമൂഹ ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും തള്ളികയറി ആധിപത്യം ചെലുത്താനുള്ള അമേരിക്കൻ സാമ്രാജ്യത്വ ശ്രമങ്ങളുടെ ലക്ഷണമൊത്ത ഉദാഹരണങ്ങളിൽ ഒന്നാണ് ഇഫ്ത്വാർ വിരുന്ന്."*

*"മുസ്‌ലിം സമൂഹത്തിലെ ചിലരെ മാത്രം പങ്കെടുപ്പിച്ച് നടത്തിയ പരിപാടിയുടെ പ്രാദേശിക സംഘാടന ചുമതല ആരാണ് നിർവഹിച്ചതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇഫ്ത്വാർ വിരുന്നിൽ സമുദായത്തിലെ ചെറിയ വിഭാഗം മാത്രമായ മുജാഹിദുകളാണ് പങ്കെടുത്തതെന്ന് പറഞ്ഞു. ബഹുഭൂരിപക്ഷം വരുന്ന സുന്നി വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല. സാമ്രാജ്യത്വത്തിനെതിരെ നിലകൊള്ളുന്ന സോളിഡാരിറ്റിയും ജമാഅത്തെ ഇസ്‌ലാമിയും ഇതിനെതിരെ പരസ്യമായി പ്രതികരിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു." (മാധ്യമം ദിനപത്രം മലപ്പുറം 2009 സെപ്റ്റംബർ 12). മുജീബിന്റെ പ്രതികരണം?*

***ശാദിയ ശഹ്നാസ് പള്ളിക്കൽ***

**ബ**റാക് ഒബാമയുടെ സൗഹാർദ സന്ദേശവും സൗമനസ്യ പ്രകടനങ്ങളും മുഖവിലക്കെടുത്താൽതന്നെ അമേരിക്കയുടെ അധിനിവേശ രാഷ്ട്രീയത്തിന് കാതലായ മാറ്റം ദൃശ്യമല്ല. അഫ്ഗാനിസ്താനിലെയും പാകിസ്താനിലെയും ഗോത്ര വർഗ മേഖലകളിൽ നിഷ്കരുണമായ വ്യോമാക്രമണങ്ങളും നിരപരാധികളുടെ കൂട്ടക്കൊലയും പഴയപടി തുടരുന്നു, സൈന്യത്തെ കൂടുതൽ അയക്കാൻ ഒബാമ തീരുമാനിക്കുകയും ചെയ്യുന്നു. മനുഷ്യാവകാശ ധ്വംസനത്തിന്റെ ബീഭത്സമുഖമായ ഗ്വാണ്ടനാമോ തടവറ, വാഗ്ദാനം ചെയ്തപോലെ അടച്ചുപൂട്ടിയിട്ടില്ല. ഐക്യരാഷ്ട്ര സഭ പോലും തുറന്നുകാട്ടിയ ഗസ്സയിലെ ഇസ്രയേലിന്റെ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ വൈറ്റ്ഹൗസ് നിശ്ശബ്ദമാണ്. ഈ സാഹചര്യങ്ങളിൽ ഇഫ്ത്വാർ പോലുള്ള ചൂണ്ടലിൽ ഇരകൾ കൊത്തിക്കുരുങ്ങുന്നത് തീരെ അയുക്തികവും അപകടകരവുമാണ്. ഇതേപ്പറ്റി സി.പി.എം തൃശൂർ ജില്ലാ സെക്രട്ടറി ചെയ്ത പ്രസ്താവന ന്യായവുമാണ്. എന്നാൽ ഇഫ്ത്വാറിൽ പങ്കെടുത്ത നദ്‌വത്തുൽ മുജാഹിദീൻ നേതാക്കൾ തങ്ങൾ സംഘടനയെ പ്രതിനിധീകരിച്ചല്ല പങ്കെടുത്തതെന്ന് വിശദീകരിക്കുകയും ഉദ്ദേശ്യശുദ്ധി അവകാശപ്പെടുകയും ചെയ്തിരിക്കെ ഒരു വിവാദം ഒഴിവാക്കാനാണ് ജമാഅത്തെ ഇസ്‌ലാമി ആഗ്രഹിച്ചത്. സാമ്രാജ്യത്വത്തിന് കൂടുതൽ പിണയാളുകളെ ഉണ്ടാക്കിക്കൊടുക്കാൻ അവസരമൊരുക്കുന്നത് ബുദ്ധിപൂർവകമല്ലല്ലോ.

## സർവമത സത്യവാദം?

■ *"മുസ്‌ലിം സമുദായത്തിൽ അംഗമാവുകയും സാമൂഹിക ചട്ടക്കൂടിനകത്ത് ജീവിക്കുകയും ചെയ്താൽ മാത്രമേ മോക്ഷം ലഭിക്കൂ എന്ന ധാരണ ശരിയല്ല. ഒരാൾ ഏതു സമുദായത്തിൽ അംഗമായി അറിയപ്പെടുന്നവനാണെങ്കിലും പ്രപഞ്ചനാഥനെ മാത്രമാണ് ആരാധിക്കുന്നതെങ്കിൽ അവന് മോക്ഷം ലഭിക്കാം. അവൻ സ്വർഗാവകാശിയാകാം. പ്രപഞ്ച നാഥനെ ലോകത്തുള്ള എല്ലാവരും അല്ലാഹു എന്നു വിളിക്കണമെന്നോ ഒരേ തരം പ്രാർഥനാ കീർത്തനങ്ങൾ ഉരുവിടണമെന്നോ നിഷ്കർഷിക്കപ്പെട്ടിട്ടില്ല" (ശബാബ് എഡിറ്റോറിയൽ, പുസ്തകം 32, ലക്കം 46).*

*ഇതിന് സമാനമായ ഒരു മറുപടി ലക്കം 47ലെ മുഖാമുഖത്തിലും ഉണ്ട്. ഇത് രണ്ടും ചേർത്തു വായിക്കുമ്പോൾ ഒരു സംശയം ഉയരുന്നു. വിശുദ്ധ ഖുർആനും അതിലെ നിയമങ്ങളും മുസ്‌ലിം സമുദായത്തിന് മാത്രം ബാധകമായതാണോ? ഓരോ സമുദായത്തിനും അല്ലാഹു ഓരോ നിയമങ്ങളും പ്രാർഥനാ കീർത്തനങ്ങളുമാണോ അവതരിപ്പിച്ചിരിക്കുന്നത്? കമലാ സുറയ്യയെ പോലുള്ളവർ ഏകനായ രക്ഷിതാവിനെ മാത്രം ആരാധിച്ച് അവരുടെ പ്രാർഥനാ കീർത്തനങ്ങൾ ഉരുവിട്ട് ജീവിച്ചാൽ മോക്ഷം കിട്ടുമായിരുന്നില്ലേ? വെറുതെ ഇസ്‌ലാമിലേക്ക് വന്ന് വിമർശനങ്ങൾ ഏൽക്കേണ്ടിയിരുന്നോ? സ്നേഹ സംവാദങ്ങളുടെയും പ്രബോധന പ്രവർത്തനങ്ങളുടെയും പ്രസക്തി എന്ത്?*

***അബൂ അമീൻ കാരക്കുന്ന്, അൽഹസ്സ***

**മ**തേതരത്വ പ്രതിബദ്ധത തെളിയിക്കാനോ സർവമത സത്യവാദക്കാരുടെ പ്രീതി നേടാനോ എന്തിനു വേണ്ടിയാണെങ്കിലും വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കാൻ മാത്രമുതകുന്ന പരാമർശങ്ങൾ മതസംഘടനകളുടെ ഭാഗത്തുനിന്നുണ്ടാവുന്നത് ശുഭകരമല്ല. മറ്റെല്ലാ ആദർശങ്ങളേക്കാളും സത്യദീനിനെ വിജയിപ്പിക്കാൻ വേണ്ടിയാണ് അല്ലാഹു പ്രവാചകനെ നിയോഗിച്ചതെന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കിയിരിക്കെ ഇക്കാര്യത്തിൽ എങ്ങും തൊടാത്ത വാചകകസർത്തുകൾക്ക് ഒരു പ്രസക്തിയും ഇല്ല. മുഹമ്മദ് നബി(സ) നിയുക്തനായ കാലഘട്ടത്തിൽ അറേബ്യയിൽ യഹൂദരും ക്രൈസ്തവരും വിഗ്രഹാരാധകരും ഉണ്ടായിരുന്നു. അവരൊക്കെ ഈശ്വരനിൽ വിശ്വസിക്കുകയും ഖുർആൻ ചൂണ്ടിക്കാട്ടിയ പോലെ ആപത്ഘട്ടങ്ങളിൽ അവനെ മാത്രം വിളിച്ചു പ്രാർഥിക്കുകയും ചെയ്തിരുന്നു. മക്കാ മുശ്രിക്കുകളാകട്ടെ, സാക്ഷാൽ അല്ലാഹുവിലേക്ക് തങ്ങളെ അടുപ്പിക്കാൻ വേണ്ടി മാത്രമാണ് തങ്ങൾ പരദൈവങ്ങളെ പ്രാർഥിക്കുന്നത് എന്നു തുറന്നു പറയുകയും ചെയ്തിരുന്നു. പക്ഷേ ഈ അവകാശവാദങ്ങളൊന്നും അല്ലാഹുവോ പ്രവാചകനോ അംഗീകരിച്ചില്ല. അല്ലാഹുവിന്റെ കറകളഞ്ഞ ഏകത്വം മനസാ സമ്മതിക്കുന്നതുവരെ ആരുടെയും വിശ്വാസം സ്വീകരിക്കപ്പെടുന്ന പ്രശ്നമില്ലെന്ന് സംശയാതീതമായി വ്യക്തമാക്കുകയും ചെയ്തു. മറ്റു മതങ്ങൾ വിട്ട് ഒരാൾ ഇസ്‌ലാമിലേക്ക് വരുന്നതും കലർപ്പില്ലാത്ത ഏകദൈവവിശ്വാസം ഉൾക്കൊണ്ടുതന്നെയാണ്. അല്ലാതെ അതും ശരി ഇതും ശരി, ഏല്ലാം ഒരുപോലെ ശരി എന്ന അഴകൊഴമ്പൻ നിലപാടുമായല്ല. ഏക ദൈവത്തോടുള്ള പ്രാർഥന ഏത് നേരവും ഏത് ഭാഷയിലും ആവാം. അവനെ ഏത് പേരിലും വിളിക്കാം. അതൊക്കെ ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്; പുതിയ വിവരമൊന്നുമല്ല. പക്ഷേ ശിർക്കിന്റെ അംശലേശം ഹൃദയത്തിലുണ്ടെങ്കിൽ ആരുടെയും പ്രാർഥന സ്വീകാര്യമല്ല എന്നും

അതോടൊപ്പം മനസ്സിലാക്കിയേ തീരൂ.

ഈ സത്യം യുക്തിപൂർവമായും തികഞ്ഞ ഗുണകാംക്ഷയോടെയും ബോധ്യപ്പെടുത്തുകയാണ് യഥാർഥ പ്രബോധനം. ആറു പതിറ്റാണ്ടിലധികമായി ഏതാണ്ടെല്ലാം ഇന്ത്യൻ ഭാഷകളിലും സത്യപ്രബോധനം നടത്തിവരുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഒരു പ്രയാസവും അതിന്റെ പേരിൽ അനുഭവപ്പെട്ടിട്ടില്ല. രാജ്യത്ത് ഒരു പ്രശ്നവും ഉണ്ടായിട്ടുമില്ല. ബാലിശമായ മതവിവാദങ്ങൾക്കു വേണ്ടി ആയുസ് മുഴുവൻ കളഞ്ഞുകുളിച്ചവർ ഒടുവിൽ കണ്ണും തിരുമ്മി എഴുന്നേറ്റു പ്രബോധനത്തിനിറങ്ങുമ്പോഴുള്ള വയ്യാവേലികളാണ് ഇപ്പോഴത്തെ പ്രശ്നം. അതവർ തന്നെ പരിഹരിക്കണം.

## സംസ്ഥാന സർക്കാറിന്റെ ഇസ്‌ലാമിക് ബാങ്ക്!

■ *"സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പങ്കാളിത്തത്തോടെ ഇസ്‌ലാമിക് ബാങ്ക് തുടങ്ങാനുള്ള തീരുമാനത്തിൽനിന്നും സർക്കാർ പിൻമാറണമെന്ന് ഹിന്ദു ഐക്യവേദി ആവശ്യപ്പെട്ടു. ഒരു മതവിഭാഗത്തിന്റെ മാത്രം വിശ്വാസം മുൻനിർത്തി സർക്കാർ നേരിട്ട് ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭരണഘടനാ തത്ത്വങ്ങൾക്ക് നിരക്കുന്നതല്ല. പലിശരഹിത ബാങ്ക് എന്ന പേരിൽ ഒരു മതബാങ്കിന് തുടക്കം കുറിക്കുന്നവർ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മുതൽമുടക്കി അതിന്റെ ലാഭവിഹിതം കൈപ്പറ്റാൻ ഒട്ടും വിഷമമില്ലാത്തവരാണ്. പലിശക്ക് പകരം ലാഭവിഹിതമായാൽ സന്തോഷം എന്നത് പരിഹാസ്യമായ നിലപാടാണെന്നും ജനറൽ സെക്രട്ടറി ആർ.വി ബാബു പ്രസ്താവനയിൽ പറഞ്ഞു" (മാതൃഭൂമി* ദിനപത്രം, 2009 സെപ്റ്റംബർ 8). മുജീബിന്റെ പ്രതികരണം?

***കെ.പി റഫീഖ് ചാലാട്***

ജനങ്ങളുടെ ചോരകുടിക്കുന്ന പലിശ സമ്പ്രദായം മുതലാളിത്ത സമൂഹങ്ങളിൽ പോലും കനത്ത തിരിച്ചടി നേരിടുകയാണിപ്പോൾ. യൂറോപ്യൻ രാജ്യങ്ങളും ജപ്പാനുമൊക്കെ ബാങ്ക് നിരക്ക് പൂജ്യത്തിലെത്തിക്കാനുള്ള സാമ്പത്തിക പരിഷ്കാരങ്ങളാണ് കൊണ്ടുവരുന്നത്. അതോടൊപ്പം പലിശമുക്തമായ ബാങ്കിംഗ് എന്ന ഇസ്‌ലാമിക സങ്കൽപം സാർവത്രിക സ്വീകാര്യത നേടിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യ കൊമേഴ്സ്യൽ ബാങ്കുകളിൽ വരെ ഇസ്‌ലാമിക് കൗണ്ടറുകൾ വ്യാപിച്ചു തുടങ്ങി. സാമ്പത്തിക മാന്ദ്യകാലത്ത് പലിശക്ക് പകരം ലാഭവിഹിതം ഓഫർ ചെയ്യുന്ന ഇസ്‌ലാമിക് ബാങ്കുകൾ പിടിച്ചുനിന്നത് സാമ്പത്തിക വിദഗ്ധരുടെ പൊതുശ്രദ്ധ ആകർഷിക്കുന്നുണ്ട്. ധനകാര്യ വിദഗ്ധനായ ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിംഗും അതിൽ ആകൃഷ്ടനാണ്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ ഇടതു മുന്നണി സർക്കാറും എൻ.ആർ.ഐ വ്യവസായികളുമായി ചേർന്ന് പലിശമുക്ത നിക്ഷേപ പദ്ധതിക്കും തുടർന്ന് ബാങ്കിംഗിനുമായി പ്രാഥമിക നടപടികൾ ആരംഭിക്കുന്നത്. ഒരു മതേതര രാജ്യത്ത് ഈ സംവിധാനത്തിന് ഇസ്‌ലാമിന്റെ പേര് നൽകുക അഹിതകരമാണെങ്കിൽ പലിശരഹിത ബാങ്കിംഗ് സമ്പ്രദായം എന്ന പ്രയോഗത്തിലൂടെ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. പേരല്ല, ഉള്ളടക്കമാണ് പ്രധാനം.

എന്നാൽ ഇസ്‌ലാം, മുസ്‌ലിം എന്ന് കേൾക്കുമ്പോഴേക്ക് വിറയൽ വരുന്ന ഒരു വർഗം നിർഭാഗ്യവശാൽ മതേതര ഇന്ത്യയിൽ വളർന്നുപോയിട്ടുണ്ട്. കുടിവെള്ളമാണെങ്കിൽ പോലും അത് നിറച്ച പാത്രത്തിന്മേൽ മുസ്‌ലിം പേര് ഉണ്ടെങ്കിൽ ദാഹിച്ചു മരിക്കുകയാണ് നല്ലതെന്ന് കരുതാൻ മാത്രം പരമത വിദ്വേഷം അവരുടെ ധമനികളെ കീഴടക്കിക്കളഞ്ഞിരിക്കുന്നു. വെറുപ്പും പകയും മനസ്സിനെ മഥിച്ച് ഒടുവിൽ സ്വയം എരിഞ്ഞുതീരുകയാണ് ഇത്തരക്കാരുടെ സ്വാഭാവിക പരിണതി. രാജ്യത്തെ ഭൂരിപക്ഷ സമുദായത്തിൽ ഭൂരിപക്ഷവും അവരോടൊപ്പമല്ലെന്ന് ഇതിനകം തെളിഞ്ഞതാണ്. മതേതര സർക്കാറുകൾ ഇവരുടെ ഓലപ്പാമ്പുകളുടെ മുമ്പിൽ മുട്ടുമടക്കേണ്ട കാര്യമില്ല. ■